"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കെൽപാം- 2851-00-104-86-(P) എന്ന ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന ബജറ്റ് വിഹിതമായ 16 ലക്ഷം രൂപയും, 6851-00-190-88 (P) എന്ന ശീർഷകത്തിലെ 15 ലക്ഷം രൂപയും റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1194/2023/ID തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:- 1. 19.09.2023 -ലെ കെൽപാം,ചെയർമാന്റെ Kelpalm/E3/137/2023/FR നമ്പർ അപേക്ഷ.

2. 22.11.2023 -ലെ ധനകാര്യ (പി.യു.ഡി) വകുപ്പിന്റെ 2524039/പി.യു.ഡി1/111/2023/ധന നമ്പർ കുറിപ്പ്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ കെൽപാമിന് ബജറ്റിൽ വകയിരുത്തിയിരുന്ന ഫണ്ട് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം കെൽപാം ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2851-00-104-86-(P) എന്ന ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന ബജറ്റ് വിഹിതമായ 16 ലക്ഷം രൂപയും, 6851-00-190-88 (P) എന്ന ശീർഷകത്തിലെ 15 ലക്ഷം രൂപയും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കെൽപാമിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>2851-00-104-86-(P)-എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോമൺ ഫെസിലിറ്റി സെർവീസ് സെന്റർ എന്ന ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന ബജറ്റ് വിഹിതമായ 16 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ</u>

i. 16.04.2018-ലെ സ.ഉ.(അച്ചടി)നം.62/2018/ധന അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ii. സർക്കുലർ നം.84/2008/ഫിൻ തീയതി 09-12-2008, സർക്കുലർ നം. 75/09/ഫിൻ തീയതി 29/08/2009, സർക്കുലർ നം.8/2018/ഫിൻ തീയതി 30/01/2018, സർക്കുലർ നം.53/2018/Fin തീയതി 16.06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

iv. 11.06.2018-ലെ സ.ഉ.(അച്ചടി)നം.88/2018/fin. 03.07.2018 -ലെ സ.ഉ.(അച്ചടി)നം.100/2018/Fin. എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

v. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

vi. പുതിയ ഫണ്ട് റിലീസ് പ്രൊപ്പോസലുകൾക്കൊപ്പം മുൻപ് അനുവദിച്ച തുകകളുടെ വിനയോഗ സർട്ടിഫിക്കറ്റ്/ കംപോണന്റ് തിരിച്ചുള്ള ചെലവ് വിശദാംശങ്ങളും റിലീസ് ചെയ്യാനുള്ള തുകയും 09.01.2020 തീയതിയിലെ സ.ഉ.(കൈ)നം.04/2020/ധന. ഉത്തരവിന്റെ അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

vii. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് സ.ഉ.(അച്ചടി)നം.157/2021/ധന തീയതി

26.11.2021, സ.ഉ. (അച്ചടി)നം.171/2021/ധന തീയതി 18.12.2021 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

<u>6851-00-190-88 (P) - ലോൺസ് ടു കെൽപാം-എന്ന ശീർഷകത്തിലെ 15 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ</u>

i. 16.04.2018 -ലെ സ.ഉ.(അച്ചടി)നം.62/2018/ധന അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ii. സർക്കുലർ നമ്പർ 84/2008/ഫിൻ തീയതി, 09-12-2008, സർക്കുലർ നമ്പർ 75/09/ഫിൻ തീയതി, 29/08/2009, സർക്കുലർ നമ്പർ.8/2018/ഫിൻ തീയതി, 30/01/2018, സർക്കുലർ 53/2018/Fin തീയതി 16.06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

iv. 11.06.2018-ലെ സ.ഉ.(അച്ചടി)നം.88/2018/fin, 03.07.2018-ലെ സ.ഉ.(അച്ചടി)നം.100/2018/Fin എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

v. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

vi. അനുവദിക്കുന്ന തുക 'വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ' ആയി കണക്കാക്കേണ്ടതാണ്.

vii. വായ്പാ കാലാവധി 5 വർഷമായിരിക്കും.

viii. വായ്പ എടുത്തതിന്റെ ഒന്നാം വർഷം വായ്പയുടെ തിരിച്ചടവ് ആരംഭിക്കും.

ix. 16.05.2018 തീയതിയിലെ G.O.(P)No.169/2018/Fin പ്രകാരം വായ്പയുടെ പലിശ നിരക്ക് പ്രതിവർഷം 9.5% (annual compound) ആയിരിക്കുകയും 27.04.2013 തീയതിയിലെ സർക്കുലർ നം.40/13/ഫിൻ -ൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

x. വായ്പ പലിശ സഹിതം തുല്യ ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കുകയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അത് നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.

xi. വീഴ്ച വരുത്തിയാൽ, പ്രതിവർഷം 2.50% പിഴപ്പലിശ സാധാരണ പലിശ നിരക്കിന് പുറമെ ഈടാക്കുന്നതായിരിക്കും.

xii. തുക സർക്കാരിൽ നിന്നുള്ള വായ്പയായി കോർപ്പറേഷന്റെ അക്കൗണ്ടുകളിൽ കാണിക്കേണ്ടതാണ്.

xiii. മുതലിന്റെയും പലിശയുടെയും കൃത്യമായ തിരിച്ചടവ് നിശ്ചയിച്ചിട്ടുള്ളതിനാൽ നിർദ്ദേശിക്കപ്പെട്ട പലിശനിരക്കിൽ യാതൊരു സാഹചര്യത്തിലും വീണ്ടും നിരക്കിളവ് അനുവദിക്കുന്നതല്ല.

xiv. മുൻപ് അനുവദിച്ച തുകയിൽ ചിലവഴിക്കാതെ ബാക്കി ഉണ്ടെങ്കിൽ അത് നിലവിലെ ഫണ്ടിൽ ക്രമീകരിച്ചു എന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

xv. ഫണ്ട് റിലീസിനായി തുക സംബന്ധിച്ചുള്ള വിനിയോഗ സാക്ഷ്യ പത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും റിലീസ് ചെയ്യാനുള്ള തുകയും 09/01/2020 തീയതിയിലെ സ.ഉ. (അച്ചടി) നം.4/2020/ധന പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

xvi. ലോൺ മോണിറ്ററിംഗ്, ഫണ്ട് മാനേജ്മെന്റ് എന്നിവയിൽ സ.ഉ. (അച്ചടി)നം.157/2021/ധന, തീയതി 26.11.2021, സ.ഉ.(അച്ചടി)നം. 171/2021/ധന, തീയതി 18.12.2021 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

3) വ്യവസായ വാണിജ്യ ഡയറക്ടർ/അഡിഷണൽ ഡയറക്ടർ പ്രസ്തുത തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

സ.ഉ.(സാധാ) നം.1194/2023/ID

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെൽപാം, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ/അഡീ.ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ ((BMS)
ധനകാര്യ (GMC) വകുപ്പ്
ധനകാര്യ വകുപ്പ് -PUD
സ്റ്റോക്ക് ഫയൽ (IND-K3/189/2023-IND)

I & PRD

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 27-11-2023 13:03:40
സെക്ഷൻ ഓഫീസർ